ഭരണഭാഷ-മാതൃഭാഷ

അണ്ടൂർക്കോണം ഗ്രാമ പഞ്ചായത്ത്
പിൻ കോഡ്- 695301
GSTIN:32AAALA2823K1ZK ഫോൺ നമ്പർ : 0471-2750251
adrkmgp@gmail.com

നമ്പർ: 1059684-2026 **തീയതി : 23-10-2026**

പുനർലേല പരസ്യം

പൊതു മാർക്കറ്റ് ഗേറ്റ് ഫീ പിരിവ് 2026-27

അണ്ടൂർക്കോണം ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 17.10.2026 ലെ 38(1) നമ്പർ തീരുമാന പ്രകാരം അണ്ടൂർക്കോണം ഗ്രാമ പഞ്ചായത്ത് കുന്നിനകം വാർഡിലെ ആലുമൂട് പൊതു മാർക്കറ്റ് ഗേറ്റ് ഫീ (2026 നവംബർ മുതൽ 2027 മാർച്ച് 31 വരെ) പിരിക്കുന്നതിനുള്ള അവകാശം സംബന്ധിച്ച ലേലം **28.10.2026 തീയതി രാവിലെ 11 മണിക്ക്** അണ്ടൂർക്കോണം പഞ്ചായത്ത് മിനി കോൺഫറൻസ് ഹാളിൽ വെച്ച് നടത്തുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ അന്നേ ദിവസം തിരിച്ചറിയൽ രേഖയായി ആധാറിന്റെ പകർപ്പ് സഹിതം സന്നിഹിതരാകേണ്ടതും താഴെ സൂചിപ്പിച്ചിരിക്കുന്ന നിരക്കിൽ നിരതദ്രവ്യം ഒടുക്കി ലേലത്തിൽ പങ്ക് കൊള്ളേണ്ടതുമാകുന്നു.

ക്രമ നമ്പർ	ലേല ഇനം	നിരത ദ്രവ്യം
1	കുന്നിനകം വാർഡിലെ ആലുമൂട് പൊതു മാർക്കറ്റ് ഗേറ്റ് ഫീ പിരിവ്	50,000/-

ലേല നിബന്ധനകളും, വ്യവസ്ഥകളും

1. അണ്ടൂർക്കോണം പഞ്ചായത്തുമായി നിലവിൽ ഏതെങ്കിലും കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തികളേയും, പഞ്ചായത്തിൽ ഏതെങ്കിലും തരത്തിൽ കുടിശ്ശിക വരുത്തിയിട്ടുള്ളവരേയും, ലേലത്തിൽ പങ്ക് കൊള്ളാൻ അനുവദിക്കുകയില്ല. ലേലത്തിൽ പങ്കെടുക്കുന്നവർക്ക് മാത്രമേ ഹാളിൽ പ്രവേശിക്കാൻ അനുമതിയുണ്ടായിരിക്കുകയുള്ളൂ.

2. സെക്രട്ടറിക്ക് ന്യായമായ കാരണത്തിന്മേൽ ഏതൊരാളേയും ലേലത്തിൽ പങ്കെടുപ്പിക്കാതിരിക്കുന്നതിനും, യുക്തമെന്ന് തോന്നുന്ന പക്ഷം ലേലം മാറ്റി വയ്ക്കുന്നതിനും, അസ്ഥിരപ്പെടുത്തുന്നതിനും അധികാരമുണ്ടായിരിക്കും.

3. താത്ക്കാലികമായി ഉറപ്പിക്കുന്ന ലേലം സ്ഥിരപ്പെടുത്തുന്നതിനും, അസ്ഥിരപ്പെടുത്തുന്നതും സംബന്ധിച്ചുള്ള പൂർണ്ണമായ അവകാശം പഞ്ചായത്ത് ഭരണസമിതിയിൽ നിക്ഷിപ്തമാണ്.

4. ലേലം അന്തിമമാക്കി പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചാൽ സെക്രട്ടറിയുടെ അറിയിപ്പ് ലഭിക്കുന്ന പക്ഷം ലേലം സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി മുഴുവൻ ലേലതുകയും ഒന്നിച്ച് അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം അടവാക്കേണ്ട ബാക്കി തുകക്ക് തുല്ല്യമായ തുകയുടെ സോൾവൻസി സർട്ടിഫിക്കറ്റ് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ തയ്യാറാക്കി എഗ്രിമെന്റിനോടൊപ്പം നൽകേണ്ടതുമാണ്.

5. ലേല തുക ഒന്നിച്ച് അടവാക്കാത്ത പക്ഷം ലേലതുകയുടെ പകുതി ആദ്യ തവണയായും, ബാക്കി തുക രണ്ടു തുല്ല്യ തവണകളായി യഥാക്രമം 2026 നവംബർ, ഡിസംബർ എന്നീ മാസങ്ങളിലായി പഞ്ചായത്തിൽ ഒടുക്കു വരുത്തേണ്ടതും, പഞ്ചായത്തിൽ നിശ്ചിത തുകക്കുള്ള മുദ്ര പത്രത്തിൽ എഗ്രിമെന്റിൽ ഏർപ്പെടേണ്ടതുമാണ്. ലേലം വിജയിക്കുന്ന വ്യക്തി കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരമുള്ള നികുതികളും, സെസ്സുകളും ലേലതുകയോടൊപ്പം അടയ്ക്കുവാൻ ബാധ്യസ്ഥനാണ്.

6. ലേലം വിജയിച്ച വ്യക്തി പൊതു മാർക്കറ്റുകളുടെ നടത്തിപ്പിനുള്ള പൂർണ്ണ ചുമതലയുള്ളതിനാൽ മാർക്കറ്റിൽ യാതൊരു വിധത്തിലുള്ള മലിനീകരണ പ്രശ്നങ്ങളും, പരാതികളും ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

7. പൊതുമാർക്കറ്റിൽ ഗേറ്റ് ഫീ പിരിവ് നടത്തുന്നതിനുള്ള ലേലാവകാശം സ്ഥിരപ്പെടുത്തി കിട്ടുന്നവർ അംഗീകൃത നിരക്കിൽ മാത്രം ഫീസ് പിരിവ് നടത്തേണ്ടതും, സ്വന്തം ചിലവിൽ രസീത് അടച്ചിട്ട് പഞ്ചായത്തിൽ ഹാജരാക്കി മുദ്ര പതിപ്പിച്ച് ആയതിൻ പ്രകാരം മാത്രം പിരിവ് നടത്തേണ്ടതും, ഫീസ് സംബന്ധിച്ച് ബോർഡ് സ്വന്തം ചിലവിൽ മാർക്കറ്റിൽ സ്ഥാപിക്കേണ്ടതുമാണ്.

8. ലേലം സ്ഥിരപ്പെടുത്തി കിട്ടുന്ന കരാറുകാരൻ ഈ നിബന്ധനകൾക്ക് പുറമേ കേരള പഞ്ചയത്ത് രാജ് ആക്ടിലേയും, നിലവിലുള്ള നിയമങ്ങളിലേയും, ചട്ടങ്ങളും, ബന്ധപ്പെട്ട വകുപ്പുകളുടെ ബൈലകളും കരാറു വ്യവസ്ഥയിൽ പാലിക്കാൻ ബാദ്ധ്യസ്ഥരായിരിക്കും.

9. അണ്ടൂർക്കോണം ഗ്രാമ പഞ്ചായത്ത് ആലുംമൂട് മാർക്കറ്റ് പിരിവ് ഏരിയ വെട്ടുറോഡ് ജംഗ്ഷൻ മുതൽ പള്ളിപ്പുറം ജംഗ്ഷൻ വരെയും, ആലുംമൂട് മാർക്കറ്റ് മുതൽ മസ്താൻമുക്ക് വരെയും ഗേറ്റ് ഫീസ് പിരിക്കുന്നതിന് മാർക്കറ്റ് ഏരിയ നിശ്ചയിച്ചിട്ടുള്ളതുമാണ്.

Document certified by SANTHOSH KUMAR T
<SANTHOSHMUTTADA@GMAIL.COM>.
Digitally signed by SANTHOSH KUMAR T
Date: 2026.10.23 10:29:25 IST
Reason: KSMART